**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 708** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>സ്വാഭാവിക വനവൽക്കരണം</u>**

| **<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>** |
|---|---|
| ശ്രീ. കല്ലട്ര മാഹിൻ | വനം, വന്യജീവി - നൈപുണ്യ വികസന |
| ശ്രീ. എം. എ. റസാഖ് മാസ്റ്റർ | വകുപ്പ് മന്ത്രി |

**(എ)** സ്വാഭാവിക വനവൽക്കരണത്തിന്റെ ഭാഗമായി അക്വേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ് തുടങ്ങിയ വിദേശി മരങ്ങൾ നീക്കം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ;

**<u>മറുപടി:</u>** ഉണ്ട്.

കേരളത്തിലെ സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനത്തിന് ഒരു നയരേഖ അംഗീകരിച്ചു കൊണ്ട് 17.12.2021-ൽ സ.ഉ (കൈ) നം.29/2021/വനം പ്രകാരം ഉത്തരവായിട്ടുണ്ട്. അക്കേഷ്യ, യൂക്കാലിപ്റ്റസ്, മാഞ്ചിയം തുടങ്ങിയ വിദേശ വൃക്ഷങ്ങളും, അവയടങ്ങിയ ഏകവിള തോട്ടങ്ങളും ഘട്ടംഘട്ടമായി നീക്കം ചെയ്ത് സ്വാഭാവിക വനങ്ങളായി പുനഃസ്ഥാപനം നടത്തുവാൻ വിഭാവനം ചെയ്തിട്ടുണ്ട്.

ഇക്കോ റെസ്റ്റൊറേഷന്റെ ഭാഗമായി വന്യമൃഗങ്ങൾക്ക് ഭക്ഷണത്തിന്റെ ലഭ്യത ഉറപ്പ് വരുത്തുന്നതിന് മുള, ഈറ്റ, പ്ലാവ്, നെല്ലി തുടങ്ങിയ സസ്യങ്ങൾ നട്ടുപിടിപ്പിച്ചു വരുന്നു.

**(ബി)** ഇവയ്ക്ക് പകരം തദ്ദേശീയ മരങ്ങൾ വച്ചു പിടിപ്പിച്ചാൽ വന്യജീവി ശല്യത്തിന് പരിഹാരമാകുമെന്ന് കരുതുന്നുണ്ടോ;

**<u>മറുപടി:</u>** വന്യജീവികൾക്ക് മികച്ച ആവാസ വ്യവസ്ഥ, ഭക്ഷ്യലഭ്യത തുടങ്ങിയവ ഉറപ്പ് വരുത്തുന്നതിനായി അനുയോജ്യമായ തദ്ദേശീയ സസ്യങ്ങൾ നട്ടുപിടിപ്പിക്കുക വഴി മനുഷ്യ-വന്യജീവി സംഘർഷങ്ങൾക്ക് ഒരു പരിധിവരെ പരിഹാരമാകുന്നതാണ്.

**(സി)** ഈ പദ്ധതി സംസ്ഥാനത്തിന്റെ ഏതെല്ലാം ഭാഗങ്ങളിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

**<u>മറുപടി:</u>** സംസ്ഥാനം മുഴുവനും, പ്രത്യേകിച്ച് പശ്ചിമഘട്ട മേഖലയിൽ വനം വകുപ്പിന്റെ അധീനതയിലുള്ള അക്കേഷ്യ, യൂക്കാലിപ്റ്റസ് തുടങ്ങിയ ഏകവിള തോട്ടങ്ങളും അധിനിവേശ സസ്യങ്ങളായ സെന്ന തുടങ്ങിയവ ഘട്ടംഘട്ടമായി നീക്കം ചെയ്ത് അവയെ സ്വാഭാവിക വനങ്ങളായി പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു.

**സെക്ഷൻ ഓഫീസർ**